ജവാഹർലാൽനെഹ്റുവിൻെറ ആരാധകനുമെന്ന പ്രശസ്തിയും അദ്ദേഹത്തിനുണ്ട്. ഇപ്പോഴത്തന്നെ എഴുപത്താറു വയസ്സായിരിക്കുന്നു എന്നതാണ് ശ്രീ വെങ്കിട്ടരാമൻെറ സ്ഥാനാർത്ഥിത്വത്തിൻെറ ഒരു ദൗർബല്യം. മറെറാന്ന്, ആരോ മുപ്പതുകോടി രൂപ കോഴ വാങ്ങിയെന്ന് ആരോപണമുള്ള ജർമൻ മുങ്ങിക്കപ്പൽ ഇടപാടിൽ, കപ്പലുകൾ വാങ്ങാൻ ഓർഡർ കൊടുത്ത കാലത്ത് രാജ്യരക്ഷാമന്ത്രി ശ്രീ വെങ്കിട്ടരാമൻ ആയിരുന്നു എന്നതും. ഈ ഇടപാടിനെപ്പററി അന്വേഷണം നടത്തണമെന്ന്, രാജ്യരക്ഷാമന്ത്രിസ്ഥാനം ഒഴിയുംമുമ്പ് ശ്രീ വി. പി. സിംഹ് ഉത്തരവിട്ടത് ശ്രീ വെങ്കിട്ടരാമനെ രാഷ്ട്രപതി സ്ഥാനത്തേക്ക നിർദേശിക്കുന്നതു തടസ്സപ്പെടുത്താൻകൂടിയായിരുന്നു എന്നു കരുതുന്നവർ കുറവല്ല. എന്തെങ്കിലും കാരണത്താൽ ശ്രീ വെങ്കിട്ടരാമൻെറ പേർ പരിഗണിക്കപ്പെടാതെ പോകുന്നപക്ഷം, ഇപ്പോൾ കേന്ദ്രത്തിലൊരു മന്ത്രിയായ ശ്രീ പി. വി. നരസിംഹറാവു രാഷ്ട്രപതി സ്ഥാനത്തേക്ക് കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി നിർദേശിക്കപ്പെട്ടുകൂടായ്കയില്ല.

(12, മേയ് 1987)

# 19. രാഷ്ട്രപതി ശ്രീ വെങ്കടരാമൻ

ഇന്ത്യയുടെ എട്ടാമത്തെ രാഷ്ട്രപതിയായി ശ്രീ ആർ. വെങ്കടരാമൻ നാലിൽമൂന്ന് എന്ന ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

'രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പ്' എന്ന ലേഖനത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ, പാർലമെൻറിൻെറ രണ്ടു സഭകളിലുമുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും (എം. പി. മാരും) സംസ്ഥാന നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും (എം. എൽ. എ.മാരും) അടങ്ങിയ ഒരു സമ്മതിദായകഗണം (ഇലക്ടറൽ കോളേജ്) ആണ് രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. തങ്ങൾ പ്രതിനിധാനംചെയ്യുന്ന പൗരന്മാരുടെ എണ്ണത്തിലുള്ള വ്യത്യാസം അനുസരിച്ച്, ഈ സമ്മതിദായകരുടെ വോട്ടിൻെറ മൂല്യത്തിലും വ്യത്യാസം ഉണ്ടായിരിക്കും.

കേന്ദ്രത്തിൽ ഭരണകക്ഷിയായ കോൺഗ്രസ്സിൻെറ സ്ഥാനാർത്ഥിയായിരുന്ന ശ്രീ വെങ്കടരാമനു പുറമേ, ബി. ജെ. പി. ഒഴികെയുള്ള കോൺഗ്രസ്സിതരപാർട്ടികളുടെ സ്ഥാനാർത്ഥിയായി ശ്രീ വി. ആർ. കൃഷ്ണയ്യരും സ്വതന്ത്രസ്ഥാനാർത്ഥിയായി ശ്രീ മിഥിലേശകുമാർസിംഹയും രാഷ്ട്രപതി സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ ഇത്തവണ മത്സരിച്ചിരുന്നു. 1987 ജൂലൈ 13-ാം തീയതി നടന്ന വോട്ടെടുപ്പിൽ എഴുനൂററമ്പത്തഞ്ച് (755) എം. പി.മാരും മൂവായിരത്തി അറുനൂററി നാല്പത്തെട്ട് (3,648) എം. എൽ. എ.മാരും തങ്ങളുടെ സമ്മതിദാനാവകാശം ഉപയോഗപ്പെടുത്തി. ഇവരിൽ അറുനൂററാറ് (606) എം. പി. മാരും രണ്ടായിരത്തി ഇരുനൂറെറൺപത് (2280) എം. എൽ. മാരും ശ്രീ വെങ്കടരാമനു വോട്ടു നൽകി. ഈ വോട്ടുകളുടെ ആകെ മൂല്യം ഏഴുലക്ഷത്തി നാല്പതിനായിരത്തി നൂററിനാല്പത്തെട്ട് (7,40,148) ആയിരുന്നു. ശ്രീ കൃഷ്ണയ്യർക്കു ലഭിച്ചത് നൂററിമുപ്പത്താറ് (136) എം. പി. മാരുടെയും ആയിരത്തി മുന്നൂറ് (1300) എം. എൽ. എ.മാരുടെയും വോട്ടാണ്. ഇവയുടെ ആകെ മൂല്യം രണ്ടുലക്ഷത്തി എൺപത്തോരായിരത്തി അഞ്ഞൂററമ്പതു (2,81,550) ആയിരുന്നു. സ്വതന്ത്രസ്ഥാനാർത്ഥിയായ ശ്രീ മിഥിലേശ

കുമാർ സിംഹയ്ക്കു കിട്ടിയ വോട്ടുകളുടെ ആകെ മൂല്യം രണ്ടായിരത്തി ഇരുനൂററിരുപത്തിമൂന്ന് (2223) ആയിരുന്നു. ബി. ജെ. പി.യിൽപ്പെട്ട എം. പി.മാരും എം. എൽ. എ. മാരും വോട്ടുചെയ്തില്ല. ഇവരുടെ ആകെ വോട്ട് മൂല്യം ഇരുപത്തെണ്ണായിരത്തിന് (28,000) അടുത്തായിരുന്നു. എട്ട് എം. പി.മാരുടെയും അറുപത്തിമൂന്ന് എം. എൽ. എ.മാരുടെയും വോട്ടുകൾ 'അസാധു'ക്കളായി പ്രഖ്യാപിക്കപ്പെട്ടു എന്നതു് ആശ്ചര്യകരമായ ഒരു വസ്തുതയാണ്. ശ്രീ വെങ്കടരാമന്, അദ്ദേഹത്തെ നിർത്തിയ കോൺഗ്രസ് അംഗങ്ങളുടെയും അനുഭാവികളുടെയും വോട്ടുകൾക്കു പുറമേ, 36,000 എന്ന മൂല്യത്തോളം വരുന്ന വോട്ടുകൾ, മററു കക്ഷികളിൽപ്പെട്ട അംഗങ്ങളിൽനിന്നു ലഭിക്കുകയുണ്ടായി. അതേസമയം ശ്രീ വി. ആർ. കൃഷ്ണയ്യർക്കു്, അദ്ദേഹത്തെ നിർത്തിയ പാർട്ടികളുടെ, 9,000—ത്തോളം മൂല്യംവരുന്ന വോട്ടുകൾ നഷ്ടപ്പെടുകയുംചെയ്തു. അതായതു്, 'കുറുമാറി വോട്ട്' നടന്നതു് ശ്രീ വെങ്കടരാമന് അനുകൂലമായിട്ടായിരുന്നു.

പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധിയും രാഷ്ട്രപതി ജ്ഞാനി സെയിൽസിംഹും തമ്മിലുള്ള ബന്ധം അടുത്തകാലത്തായി വളരെയധികം ശിഥിലമാവുകയുണ്ടായല്ലോ. നിർഭാഗ്യകരമായ ഈ സംഭവവികാസത്തിൽനിന്നു മുതലെടുത്തു കോൺഗ്രസ്സിൻെറ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ രാഷ്ട്രപതിസ്ഥാനത്തേക്കു രണ്ടാമതും മത്സരിക്കുവാൻ ശ്രീ സെയിൽസിംഹിനെ ചില എതിർകക്ഷി നേതാക്കളും പത്രങ്ങളും പ്രേരിപ്പിക്കുകയുണ്ടായി. ഈ ശ്രമം ഫലിച്ചിരുന്നെങ്കിൽ അതിൻെറ ഫലം, ഇപ്പോൾത്തന്നെ സാമാന്യത്തിലധികം അധഃപതിച്ച കഴിഞ്ഞ ഇന്ത്യയിലെ രാഷ്ട്രീയമര്യാദകളെ ആഴത്തിൽ കുഴിച്ചിടുക ആവുമായിരുന്നു എന്ന്, രാഷ്ട്രീയതിമിരം ബാധിക്കാത്ത എല്ലാവർക്കും വ്യക്തമായി കാണാൻ കഴിയും. രാഷ്ട്രത്തിൻെറ സുകൃതം പൂർണമായി ക്ഷയിച്ചിട്ടില്ലെന്നതിനാലാവണം, ഈ പൊളിക്കൽപ്പരിപാടി നടപ്പിൽ വരികയുണ്ടായില്ല.

അവസരവാദത്തിൻേറതായ ദുരുപദേശം ചെവിക്കൊള്ളാതിരുന്നതിന് ശ്രീ സെയിൽസിംഹിനോടും, വിജയസാദ്ധ്യതയുടെ പേരിൽ തത്ത്വദീക്ഷ കൈവിടാതിരുന്നതിന് മാർക്സിസ്റ്റ്—കമ്യൂണിസ്റ്റ്—പാർട്ടികളോടും നമുക്കു നന്ദി പറയുക!

ഇന്ത്യൻ ഭരണഘടനപ്രകാരം, അധികാരങ്ങൾ അത്രയും കേന്ദ്രീകരിച്ചിട്ടുള്ളതു് പ്രധാനമന്ത്രിയിലാണ്; 'പദവി'മാത്രമേ രാഷ്ട്രപതിക്കുള്ളു. 'പ്രസിഡണ്ട് (രാഷ്ട്രപതി) സ്റ്റേററിൻെറ തലവൻ മാത്രമാണ്; അതിൻെറ നിർവഹണാധികാരിയല്ല. പ്രസിഡണ്ട് രാഷ്ട്രത്തിൻെറ പ്രതിനിധിയാണ്; പക്ഷേ, രാജ്യം ഭരിക്കുന്നതു് പ്രസിഡണ്ടല്ല. രാഷ്ട്രത്തിൻെറ പ്രതീകം (സിംബൽ) മാത്രമാണ് പ്രസിഡണ്ട്. രാഷ്ട്രത്തിൻെറ തീരുമാനങ്ങൾ പരസ്യപ്പെടുത്തുമ്പോൾ ഉപയോഗിക്കുന്ന മുദ്രയിലെ ആചാരപ്രധാനങ്ങളായ ചിത്രങ്ങൾക്കുള്ള സ്ഥാനമേ ഭരണത്തിൽ പ്രസിഡണ്ടിനുള്ളു' എന്ന ഡോക്ടർ അംബേഡ്കറുടെ വിശദീകരണം എപ്പോഴും ഓർത്തിരിക്കേണ്ട ഒന്നാണ്. പ്രധാനമന്ത്രി ഭരണഘടനാവിധേയമായി പ്രവർത്തിക്കുന്ന കാലത്തോളം, ഗവണ്മെൻറിൻെറ നയപരിപാടികൾ അനുസരിക്കാൻ രാഷ്ട്രപതി ബാദ്ധ്യസ്ഥനാകുന്നു.

അതേസമയം, ഭരണകാര്യങ്ങളുടെ നിർവഹണവും നിയമനിർമാണത്തിനുള്ള നിർദേശങ്ങളും സംബന്ധിച്ച മന്ത്രിസഭ എടുക്കുന്ന എല്ലാ തീരുമാനങ്ങളും രാഷ്ട്രപതിയെ അറിയിക്കേണ്ടതു് പ്രധാനമന്ത്രിയുടെ ചുമതലയാണെന്നു വ്യക്തമായി ഭരണഘടന അനുശാസിക്കുന്നുണ്ട്. ഈ അനുശാസനത്തിൻെറ വ്യാഖ്യാനം സംബന്ധിച്ച അഭിപ്രായഭേദമാണ് പ്രധാനമന്ത്രി രാജീവ്ഗാന്ധിയും രാഷ്ട്രപതി സെയിൽസിംഹും തമ്മിൽ നിരർത്ഥകവും അനാവശ്യവും രാഷ്ട്രത്തിന് അത്യന്തം ദോഷകരവുമായ ഒരു വിവാ

ദത്തിനു വഴിവെച്ചതു്. ദൃഢചിത്തനും നയജ്ഞനുമെന്ന പ്രശസ്തി ഇതിനകം നേടിക്കഴിഞ്ഞിട്ടുള്ള, ഏറെക്കുറെ സർവസമ്മതനായ, ശ്രീ വെങ്കടരാമൻ രാഷ്ട്രപതിയായി തുടരുന്ന കാലത്തോളം, പ്രധാനമന്ത്രിയും രാഷ്ട്രപതിയും തമ്മിലുള്ള ഈ മല്പിടുത്തം കണ്ടു നാണിച്ചിരിക്കേണ്ട ദുർവിധി ഇന്ത്യയിലെ പൗരന്മാർക്കു് ഉണ്ടാവുകയില്ലെന്നു നമുക്കു വിശ്വസിക്കുക.

തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ 'രാജമാടം' എന്ന ഗ്രാമത്തിൽ എഴുപത്തേഴ വർഷംമുമ്പു് ശ്രീ രാമസ്വാമിയുടെ പുത്രനായി പിറന്ന ശ്രീ വെങ്കിടരാമൻ, സ്വന്തം ഗ്രാമത്തിലും മദ്രാസ് നഗരത്തിലുമായി വിദ്യാഭ്യാസം നേടി ധനശാസ്ത്രത്തിൽ എം. എ. ബിരുദവും നിയമത്തിൽ ബി. എൽ. ബിരുദവും സമ്പാദിച്ചു. ദേശീയ സ്വാതന്ത്ര്യസമരത്തിലേക്കു് ആകൃഷ്ടനായെങ്കിലും, മുഖ്യമായും തൊഴിലാളി സംഘടനാ പ്രവർത്തനത്തിലാണു് അദ്ദേഹം ആദ്യകാലത്തു ശ്രദ്ധ ചെലുത്തിയതു്. തമിഴ്നാട്ടിൽ തോട്ടങ്ങളിലെയും തുറമുഖങ്ങളിലെയും റയിൽവേയിലെയും തൊഴിലാളികളെയും പത്രപ്രവർത്തകരെയും സംഘടിപ്പിക്കുന്നതിൽ അദ്ദേഹം ഗണ്യമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. തൊഴിലാളി പ്രവർത്തനത്തിലൂടെയാണു് അദ്ദേഹം കോൺഗ്രസ് പ്രവർത്തകനായതു്.

രണ്ടാം മഹായുദ്ധകാലത്തു് ജപ്പാനോടു സഹകരിച്ചു് ബ്രിട്ടീഷുകാരോടു പൊരുതിയെന്ന കുറ്റം ചുമത്തി വിചാരണചെയ്യപ്പെട്ട ഐ. എൻ. എ. അംഗങ്ങളെയും മറ്റും സഹായിക്കുന്നതിനായി 1946–ൽ, സ്വാതന്ത്ര്യം ആസന്നമായിരിക്കേ, ഇന്ത്യാഗവണ്മെൻറ് മലയയിലേക്കും സിംഗപ്പൂരിലേക്കും അയച്ച അഭിഭാഷകരുടെ സംഘത്തിൽ ശ്രീ വെങ്കടരാമൻ ഉൾപ്പെട്ടിരുന്നു.

1950–ൽ സ്വതന്ത്ര–ഇന്ത്യയുടെ താല്ക്കാലിക പാർലമെൻറിലേക്കും. 1952–ൽ ഇന്ത്യയുടെ ഒന്നാമത്തെ പാർലമെൻറിലേക്കും കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി ശ്രീ വെങ്കടരാമൻ തിരഞ്ഞെടുക്കപ്പെട്ടു. 1953–54–ൽ അദ്ദേഹം കോൺഗ്രസ് പാർലമെൻററി പാർട്ടിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1957–ൽ വീണ്ടും പാർലമെൻറിലേക്കു തിരഞ്ഞെടുക്കപ്പെട്ടെങ്കിലും, ശ്രീ വെങ്കടരാമൻ മദ്രാസ് സംസ്ഥാനത്തിൽ മന്ത്രിസ്ഥാനം സ്വീകരിക്കുന്നതിനു് പാർലമെൻറ് അംഗത്വം രാജിവെയ്ക്കുകയാണുണ്ടായതു്. 1957 മുതൽ 1967 വരെ പത്തു വർഷം അദ്ദേഹം തൊഴിൽ, വ്യവസായം, വൈദ്യുതി, ഗതാഗതം, വാണിജ്യം, നികുതി എന്നീ വകുപ്പുകളുടെ ചുമതല വഹിക്കുന്ന മന്ത്രിയായി മദ്രാസ് സംസ്ഥാനത്തു പ്രവർത്തിച്ചു.

1977–ൽ തെക്കൻ മദ്രാസ് നിയോജകമണ്ഡലത്തിൽനിന്നു കോൺഗ്രസ് സ്ഥാനാർത്ഥിയായി പാർലമെൻറിലേക്കു് ശ്രീ വെങ്കടരാമൻ തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രത്തിൽ ജനതാപാർട്ടി ഭരിക്കുമ്പോൾ, എതിർപാർട്ടിയിൽ അംഗം ആയിരുന്ന അദ്ദേഹം പബ്ലിക് അക്കൗണ്ട്സ് കമ്മററിയുടെ ചെയർമാൻ ആയി സേവനം അനുഷ്ഠിച്ചു. 1980–ലും അതേ നിയോജകമണ്ഡലത്തിൽനിന്നു തിരഞ്ഞെടുപ്പിൽ ജയിച്ചു് ശ്രീ വെങ്കടരാമൻ പാർലമെൻറിലെത്തി. ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയെന്നനിലയിലും രാജ്യരക്ഷാമന്ത്രിയെന്ന നിലയിലും അദ്ദേഹത്തിൻെറ പ്രവർത്തനം കുറ്റമറ്റതായിരുന്നു. രാജ്യരക്ഷാമന്ത്രിസ്ഥാനം ഉപേക്ഷിച്ചാണു് അദ്ദേഹം 1984–ൽ, ശ്രീ ഹിദായത്തുള്ളയെത്തുടർന്നു്, ഉപരാഷ്ട്രപതിസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടതു്. ഉപരാഷ്ട്രപതിയെന്ന നിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷവേദിയിലിരുന്നുകൊണ്ടു് അദ്ദേഹം പ്രകടിപ്പിച്ച നിഷ്പക്ഷതയും അക്ഷോഭ്യതയും ജനങ്ങൾക്കു് അദ്ദേഹത്തോടുള്ള മതിപ്പു വർദ്ധിക്കുവാൻ കാരണമായിട്ടുണ്ടു്.

ഇന്ത്യയ്ക്കകത്തുള്ള പ്രവർത്തനങ്ങൾക്കു പുറമേ, 1953 മുതൽ 1961 വരെ

പല പ്രാവശ്യം ശ്രീ വെങ്കടരാമൻ ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലിയിൽ ഇന്ത്യയുടെ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. 1958–ൽ ജനീവയിൽ ചേർന്ന അന്താരാഷ്ട്രീയ–തൊഴിലാളി–സമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധിസംഘത്തിന്റെ നേതാവ് അദ്ദേഹമായിരുന്നു. അരനൂറ്റാണ്ടിലേറെ നീണ്ടുനില്ക്കുന്ന തന്റെ പൊതുജീവിതത്തിൽ ഒരിക്കലെങ്കിലും ശ്രീ വെങ്കടരാമൻ വിവാദപുരുഷനാവുകയുണ്ടായിട്ടില്ല. സോഷ്യലിസ്റ്റും ജവാഹർലാൽനെഹ്റുവിന്റെ അനുയായിയുമെന്ന പ്രശസ്തി അദ്ദേഹത്തിനുണ്ട്. എങ്കിലും ആരോപണവിഷയമായിട്ടുള്ള ജർമൻ മുങ്ങിക്കപ്പലുകൾക്ക് ഓർഡർ കൊടുത്തകാലത്ത് അദ്ദേഹം രാജ്യരക്ഷാമന്ത്രിയായിരുന്നു എന്ന വസ്തുത, ഭാവിയിൽ അദ്ദേഹത്തെ ഒരു വിവാദപുരുഷനാക്കിക്കൂടായ്കയില്ല.

രാഷ്ട്രപതിസ്ഥാനം ഏറ്റെടുക്കുമ്പോൾ ശ്രീ വെങ്കടരാമൻ താഴെ ചേർക്കുന്ന രൂപത്തിൽ ഒരു പ്രതിജ്ഞയെടുക്കേണ്ടതുണ്ട്.

1. ഇന്ത്യയുടെ പ്രസിഡണ്ട് എന്ന ജോലി–വിശ്വസ്തതയോടെ ഞാൻ നിർവഹിക്കും.
2. എന്റെ കഴിവനുസരിച്ച് ഞാൻ ഇന്ത്യയുടെ ഭരണഘടനയെയും ഇവിടത്തെ നിയമത്തെയും നിലനിർത്തുകയും സംരക്ഷിക്കുകയും എതിർക്കപ്പെടാതെ നോക്കുകയും ചെയ്യും.
3. ഇന്ത്യയിലെ ജനങ്ങളുടെ നന്മയ്ക്കും സേവനത്തിനുമായി ഞാൻ എന്നെ സമർപ്പിക്കും.

ഈ പ്രതിജ്ഞ നിറവേറ്റാൻ ആവശ്യമായ വിവേകവും ധൈര്യവും ആരോഗ്യവും ശ്രീ വെങ്കടരാമനു കൈവരണമേ എന്നു നമുക്കു പ്രാർത്ഥിക്കുക. ഇന്ത്യയുടെ രാഷ്ട്രീയരംഗം ക്ഷുബ്ധമാണ്. അയൽ രാജ്യങ്ങളുമായി നമ്മുടെ ബന്ധം ഒട്ടും സുഖകരമല്ല. വിഘടനവാദങ്ങൾ രാജ്യത്തിനകത്തു പലേടത്തും ശക്തിപ്പെട്ടിരിക്കുന്നു. ക്രൂരവും വിദേശശക്തികളിൽനിന്നു വൻതോതിൽ സഹായം ലഭിച്ചുവരുന്നതുമായ ഒരു ഭീകരപ്രസ്ഥാനം ജനജീവിതത്തിന്റെ ഭദ്രതയെ നിരന്തരമായി ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പ്രകൃതിയും നമുക്ക് എതിരാണ്. ഏതാനും വർഷങ്ങളായി തുടർന്നുവരുന്ന വരൾച്ച വരുംവർഷത്തിൽ കുറെക്കൂടി ദാരുണമായി അനുഭവപ്പെടുമെന്നു കരുതാനാണ് ഇപ്പോഴത്തെ കാലവർഷപ്പിഴവ് ഇടം നൽകുന്നത്. കേന്ദ്രഭരണകക്ഷിയായ കോൺഗ്രസ് അടുത്ത ഭാവിയിൽ നെടുകെ പിളർന്നുകൂടായ്കയില്ല. അതിന്റെ നേതാക്കളിൽ അനുയായികൾക്കും പൊതുജനങ്ങൾക്കും വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. കോൺഗ്രസ് പാർട്ടി ഛിന്നഭിന്നമായിപ്പോകുന്നപക്ഷം, അതിന്റെ സ്ഥാനം കേന്ദ്രത്തിൽ ഏറ്റെടുക്കാൻ കഴിവുള്ള ഒരു വികല്പം ഇനിയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ആഭ്യന്തര ഭരണം പരമാവധി ദൂഷിതവും ദുർബലവുമായിരിക്കുന്നു. കുറേക്കൂടി കനത്ത ഇരുട്ടല്ലാതെ, തുരങ്കത്തിന്റെ അറ്റത്ത് വെളിച്ചത്തിന്റെ നേരിയ രേഖപോലും കണ്ടുതുടങ്ങിയിട്ടില്ല.

ഈ ചുറ്റുപാടിൽ, രാഷ്ട്രപതി സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ട ശ്രീ വെങ്കടരാമനെ അനുമോദിക്കുകയോ, അനുശോചിക്കുകയോ വേണ്ടത് എന്ന് എനിക്കു നല്ല തീർച്ചയില്ല. പക്ഷേ, ഒന്നു തീർച്ചയുണ്ട്. നേർവഴിക്കു ചിന്തിക്കുന്ന എല്ലാവരുടെയും സഹാനുഭൂതി അദ്ദേഹം അർഹിക്കുന്നു. പ്രവൃത്തികൊണ്ടു സാദ്ധ്യമല്ലെങ്കിൽ പ്രാർത്ഥനകൊണ്ടെങ്കിലും അദ്ദേഹത്തിന്റെ കൈകൾക്കു കരുത്തു വർദ്ധിപ്പിക്കേണ്ട ചുമതല ഓരോ ഇന്ത്യൻ പൗരനുമുണ്ട്.

(20 ജൂലൈ, 1987)